# കപട ആത്മീയതക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തണം



*സംവാദം ടി.കെ അബ്ദുല്ല ഉദ്ഘാടനം ചെയ്യുന്നു*

കോഴിക്കോട്: കപട ആത്മീയതക്കും ആൾദൈവങ്ങൾക്കുമെതിരെയുള്ള പോരാട്ടത്തിനിടയിൽ യഥാർഥ ആത്മീയത കൂടി ആക്രമിക്കപ്പെടുന്നത് കരുതിയിരിക്കണമെന്ന് ജമാഅത്തെ ഇസ്ലാമി കോഴിക്കോട് ജില്ലാ സമിതി സംഘടിപ്പിച്ച സംവാദം മുന്നറിയിപ്പ് നൽകി. 'ആത്മീയത, ദർശനവും രാഷ്ട്രീയവും' സെമിനാർ ജമാഅത്തെ ഇസ്ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗം ടി.കെ അബ്ദുല്ല സാഹിബ് ഉദ്ഘാടനം ചെയ്തു.

ആത്മീയതയെക്കുറിച്ച ചർച്ച മാധ്യമങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്നു. ഈ വേലിയേറ്റത്തിനിടയിൽ യഥാർഥ ആത്മീയത എവിടെയോ നഷ്ടപ്പെട്ടുപോകുന്നു എന്ന ആശങ്കയുണ്ട്. പിടിച്ചതിനേക്കാൾ വലുത് മാളത്തിലാണുള്ളത് - അദ്ദേഹം പറഞ്ഞു. ഭൗതിക കാഴ്ചപ്പാടിൽ ദൈവത്തെ നിരാകരിച്ച ശാസ്ത്രലോകം കഴിഞ്ഞ രണ്ടു നൂറ്റാണ്ടായി വമ്പിച്ച തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുന്നു. ശാസ്ത്രത്തിന്റെ വെളിച്ചം മനുഷ്യന് സൗഭാഗ്യം പ്രദാനം ചെയ്തില്ല. ഇപ്പോൾ മനുഷ്യൻ ആത്മീയതയിലേക്ക് ദാഹത്തോടെ ഉറ്റുനോക്കുന്ന ഘട്ടത്തിലാണ് വ്യാജ സിദ്ധന്മാരും ആൾദൈവങ്ങളും രംഗത്ത് വരുന്നത്. ശാസ്ത്രം ഇത്ര വളർന്നിട്ടും ഈ പ്രതിഭാസം എന്തുകൊണ്ട് എന്ന് ഭൗതികവാദികളും ആത്മീയവാദികളും മറുപടി പറയണം.

പ്രപഞ്ച യാഥാർഥ്യങ്ങളിലും മനുഷ്യഹൃദയത്തിലും ദൈവമെന്ന യാഥാർഥ്യം നിറഞ്ഞുനിൽക്കുന്നു. മുക്കുപണ്ടം ഉണ്ട് എന്നതിന്റെ അർഥം, നല്ല സ്വർണം ഉണ്ട് എന്നതുതന്നെയാണ്. വ്യാജനും ഒർജിനലും വേർതിരിച്ചറിയാനുള്ള മാർഗം കണ്ടെത്തണം. ആത്മീയ സേവനത്തിലൂടെ ഭൗതിക സുഖസൗകര്യങ്ങൾ ലക്ഷ്യം വെക്കുന്നയാൾ വ്യാജനായിരിക്കുമെന്ന് സൂറഃ *അത്തൗബ*യിലെ വാക്യം ഉദ്ധരിച്ച് അദ്ദേഹം പറഞ്ഞു. മുതലാളിത്തം എല്ലാറ്റിനെയും പിടികൂടുകയാണ്. കമ്യൂണിസത്തിന്റെ ഉള്ളിലും മുതലാളിത്തത്തിന്റെ ഒരു പൊന്നരിവാൾ കിടപ്പുണ്ട്. എന്നാൽ സാധാരണക്കാരന് ഇരുമ്പിന്റെ അരിവാളാണ് വേണ്ടത്. ഇപ്പോൾ നടക്കുന്ന അക്രമാസക്തമായ പ്രതിഷേധങ്ങൾ സംവാദ സംസ്കാരത്തിന് നിരക്കുന്നതല്ല- അദ്ദേഹം കൂട്ടിച്ചേർത്തു.

ആത്മീയത വളരെ മുഖ്യമായ വിഷയമാണ്. ലോകത്തെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം കിട്ടാൻ ഈ വിഷയത്തിന് ഉത്തരം കിട്ടിയാൽ മതിയെന്ന് തുടർന്ന് സംസാരിച്ച സി. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. നാമും ദൈവവും തമ്മിലുള്ള ആകെ ബന്ധത്തെക്കുറിച്ച ആശയമാണ് ആത്മീയത. ആത്മീയത വേണ്ട എന്നാർക്കും അഭിപ്രായമില്ല. സയൻസും ആത്മീയതയും തമ്മിൽ പോരില്ല. ഈ മഹാപ്രപഞ്ചത്തിന്റെ പിന്നിലെവിടെയോ ഒരിക്കലും നശിക്കാത്ത ഒരു മഹാശക്തിയുണ്ടെന്ന് സ്റ്റീഫൻ ഹോക്കിംഗ്സ് ഉൾപ്പെടെയുള്ള ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സയൻസ് ദൈവത്തിന്റെ വരദാനമാണ്. അതിനെ ശരിയായി ഉപയോഗപ്പെടുത്താൻ ആത്മീയത വേണം. ലോകത്ത് ഇത്രയധികം മൂല്യങ്ങളും ധർമങ്ങളും നിലനിൽക്കുന്നതിന്റെ കാരണം, ഭൂരിഭാഗം മനുഷ്യരും ആത്മീയതയിൽ വിശ്വസിക്കുന്നു എന്നതാണ്. കോളേജിലും സ്കൂളിലും പഠിച്ചാൽ കിട്ടുന്നതല്ല ധാർമികതയും മൂല്യങ്ങളും.

ശത്രു ദോഷ നിവാരണയന്ത്രം, സർവൈശ്വര്യയന്ത്രം ഒക്കെ ലഭ്യമാണ്. എന്തുകൊണ്ട് ഒരു കഷണ്ടി നിവാരണയന്ത്രം, മന്തുരോഗ നിവാരണ യന്ത്രം ആരും ഉണ്ടാക്കുന്നില്ല- അദ്ദേഹം ചോദിച്ചു. അന്ധവിശ്വാസങ്ങളെ ചൂഷണം ചെയ്താണ് ഇതെല്ലാം വളരുന്നത് എന്നർഥം. കപട ആത്മീയതക്കെതിരെയുള്ള പോരാട്ടം കള പറിക്കുന്നതുപോലെ സൂക്ഷ്മമായി ചെയ്യേണ്ടതാണ്. കളകൾ പറിച്ചു കളയണം, എന്നാൽ വിള പറിക്കാനും പാടില്ല.

ജില്ലാ പ്രസിഡന്റ് പി.സി ബശീർ അധ്യക്ഷത വഹിച്ചു. മേലൂർ ശ്രീകൃഷ്ണ ആശ്രമം പ്രസിഡന്റ് സ്വപ്രഭാനന്ദ സ്വാമികൾ, ജ.ഇ അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, *ദേശാഭിമാനി* ചീഫ് സബ് എഡിറ്റർ ഷിബു മുഹമ്മദ് എന്നിവരും പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി ഹബീബ് മസ്ഊദ് സ്വാഗതവും പി. സുബൈർ നന്ദിയും പറഞ്ഞു. ■